കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

നവംബർ30

November30

2020

1195വൃശ്ചികം15 തിങ്കൾ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

## സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്

മഞ്ഞാടി ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ഹാച്ചറിയുടെ നേതൃത്വത്തിൽ ഈ മാസം 12 ന് രാവിലെ 10.30 മുതൽ ഒന്നു വരെ തീറ്റപ്പുൽക്കൃഷിയും പാരമ്പര്യേതര തീറ്റകളും എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്നടക്കും. താത്പര്യമുള്ളവർ 9188522711 എന്ന നമ്പരിൽ പേര് രജിസ്റ്റർ ചെയ്യണം.

(പിഎൻപി 4819/20)

## സ്റ്റാസ് കോളജിൽ ബിരുദ കോഴ്സുകളിൽ ഒഴിവ്

സർക്കാർ സ്ഥാപനമായ പത്തനംതിട്ട ചുട്ടിപാറയിലെ സ്റ്റാസ് കോളജിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ എന്നീ ബിരുദ കോഴ്സുകളിലേക്ക് ഏതാനും സീറ്റ് ഒഴിവു ്. അർഹിക്കുന്ന വിഭാഗങ്ങൾക്ക് സർക്കാരിന്റെ ഫീസ് ആനുകൂല്യം ഉ ്. ഫോൺ : 9446302066, 0468 2224785.

(പിഎൻപി 4820/20)

## സൗജന്യ പി.എസ്.സി പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനതക്കായുള്ള പി.എസ്.സി പരിശീലന കേന്ദ്രത്തിൽ 2021 ജനുവരി ഒന്നിന് ആരംഭിക്കുന്ന ആറുമാസ സൗജന്യ പരിശീലന ബാച്ചുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർഥികളുടെ സൗകര്യമനുസരിച്ച് ഡിഗ്രി യോഗ്യതയുള്ളവർക്കും, എസ്.എ

സ്.എൽസി യോഗ്യതയുള്ളവർക്കും പ്രത്യേകം റെഗുലർ ബാച്ചും ര ാം ശനി, ഞായർ ദിവസങ്ങളിൽ ഹോളിഡേ ബാച്ചും ക്രമീകരിച്ചിരിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗക്കാർക്ക് 80 ശതമാനവും മറ്റ് ഒ.ബി.സി വിഭാഗത്തിന് 20 ശതമാനവും സീറ്റുകൾ ലഭിക്കും. യോഗ്യരായവർ എസ്.എസ്.എൽ.സി, മറ്റ് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പും ഫോട്ടോയും സഹിതം പ്രിൻസിപ്പൽ കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് , തൈക്കാവ് സ്കൂൾ കോമ്പൗ ് എന്ന വിലാസത്തിൽ നേരിട്ട് അപേക്ഷിക്കാം. അപേക്ഷാ ഫോറം ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2020 ഡിസംബർ 15. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.minority welfare.kerala.gov.in എന്ന വെബ്സൈറ്റിലും, 0468 2329521, 8281176072, 9961602993 എന്ന നമ്പറിലും ലഭിക്കും.

(പിഎൻപി 4821/20)

## കേരള ലളിതകലാ അക്കാദമി;നിറകേരളം ചിത്രപദർശനം

കോവിഡ് കാലത്ത് കലാകാരന്മാർക്ക് കൈതാങ്ങേകുവാൻ കേരള ലളിതകലാ അക്കാദമി ആവിഷ്ക്കരിച്ച നിറകേരളം ദശദിന ചിത്രകലാ ക്യാമ്പിൽ രചിച്ച ചിത്രങ്ങളുടെ പ്രദർശനം കോട്ടയം ഡി സി കിഴക്കേമുറി ഇടത്തിലുള്ള അക്കാദമിയുടെ ആർട്ട് ഗ്യാലറിയിൽ ഡിസംബർ ഒന്നിന് ആരംഭിക്കും. പ്രദർശനത്തിന്റെ ഉദ്ഘാടനം കേരള ലളിതകലാ അക്കാദമി മുൻ ചെയർമാൻ കെ.എ. ഫ്രാൻസിസ് നിർവ്വഹിക്കും. പ്രദർശനത്തിന്റെ ഒന്നാം ഘട്ടം 2020 ഡിസംബർ ഒന്നു മുതൽ 12 വരെയും ര ാം ഘട്ടം 2020 ഡിസംബർ 15 മുതൽ 26 വരെയുമാണ്. പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊ ് രാവിലെ 10 മുതൽ വൈകുന്നേരം അഞ്ച് വരെ പ്രദർശനം നടക്കും. ഞായറാഴ്ച ഗ്യാലറി അവധിയായിരിക്കും.

(പിഎൻപി 4822/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 30<br>November 30 | 2020 |
|---|---|

1195 വൃശ്ചികം 15 തിങ്കൾ

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സ്പെഷൽ ബാലറ്റ്: ചുമതലകൾ നിശ്ചയിച്ചും പ്രവർത്തികൾ വിഭജിച്ച് നൽകിയും ഉത്തരവായി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിൽ സ്പെഷൽ ബാലറ്റുമായി ബന്ധപ്പെട്ട് ജില്ലാതല ഉദ്യോഗസ്ഥർക്ക് ചുമതലകൾ നിശ്ചയിച്ചും പ്രവർത്തികൾ വിഭജിച്ച് നൽകിയും ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവിറക്കി. ജില്ലയിലെ നിയുക്ത ആരോഗ്യ ഓഫീസർ (ഡി.എച്ച്.ഒ) ആയി ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുകയും സ്പെഷൽ ബാലറ്റുമായി ബന്ധപ്പെട്ട് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ ഏകോപിപ്പിക്കേ തായ എല്ലാ പ്രവർത്തനങ്ങളുടെയും നോഡൽ ഓഫീസറായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും നിയോഗിച്ചു. പ്രത്യേക പോളിംഗ് ഓഫീസറെ നിയമിക്കുന്നതിനായി ഇ-ഡ്രോപ്പ് നോഡൽ ഓഫീസറായ എ.ഡി.എം നെ ചുമതലപ്പെടുത്തി.

**ആരോഗ്യ ഓഫീസറുടെ ചുമതലകൾ**

- കോവിഡ് 19 ബാധിതരുടെയും ക്വാറന്റൈനിലുള്ളവരുടെയും പേരു വിവരം തെരഞ്ഞെടുപ്പ് നടക്കുന്ന ഡിസംബർ എട്ടിന് പത്ത് ദിവസം മുൻപ് മുതൽ ഡിസംബർ ഏഴിന് ഉച്ച കഴിഞ്ഞ് മൂന്നു വരെയുള്ള ലിസ്റ്റ് ഓരോ ദിവസവും പ്രത്യേകമായി തയാറാക്കണം.
- ക്വാറന്റൈൻ പൂർത്തിയായവരും, കോവിഡ് നെഗറ്റീവ് ആയവരും, സ്വന്തമായി ക്വാറന്റൈനിൽ പ്രവേശിച്ചവരും സർട്ടിഫൈഡ് ലിസ്റ്റിൽ ഇല്ലെന്ന് ഉറപ്പു വരുത്തണം. ഡിസംബർ ഏഴിന് ഉച്ച കഴിഞ്ഞ് മൂന്നു മുതൽ ഡിസംബർ എട്ടിന് പോളിംഗ്

അവസാനിക്കുന്ന സമയം വരെ (വൈകിട്ട് ആറു വരെ) കോവിഡ് -19 ബാധിച്ചവരുടെയും ക്വാറന്റൈനിൽ ഉള്ളവരുടെയും ലിസ്റ്റ് ഡിഎംഒ തയാറാക്കണം.

- അതത് ജില്ല തിരിച്ചും മറ്റ് ജില്ലകളിലെ വെവ്വേറെ ആയും ലിസ്റ്റ് 19 എ യിൽ തയാറാക്കണം.
- 19 എ യിലുള്ള ലിസ്റ്റ് എല്ലാ ദിവസവും ഉച്ച കഴിഞ്ഞ് മൂന്നിന് നോഡൽ ഓഫീസർക്ക് നവംബർ 29 മുതൽ ക്രമമായി കൈമാറണം.
- കോവിഡ് 19 ബാധിച്ചവരുടെ പേരുവിവരങ്ങൾ നവമാധ്യമങ്ങളിലോ വെബ് സൈറ്റിലോ പ്രദർശിപ്പിക്കരുത്. 19 സി യിൽ സാക്ഷ്യപത്രം കാലതാമസം കൂടാതെ നൽകുന്നുെ ന്ന് ഉറപ്പുവരുത്തണം.

**19 സി യിൽ സാക്ഷ്യപത്രം നൽകേ വർ:-**

1. പോളിംഗിന് തലേദിവസം ഉച്ചകഴിഞ്ഞ് മൂന്നു മുതൽ പോളിംഗ് അവസാനിക്കുന്നതു വരെ കോവിഡ് ബാധിതരാകുന്നവർ.
2. വരണാധികാരിക്ക് നേരിട്ട് അപേക്ഷ നൽകണം എന്നുള്ള കോവിഡ് രോഗികൾ.
3. മറ്റ് ജില്ലകളിൽ സമ്മതിദാന അവകാശമുള്ള് കോവിഡ് രോഗികൾ.

**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതല**
**(നോഡൽ ഓഫീസർ - സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ്)**

- നിയുക്ത ആരോഗ്യ ഓഫീസർക്ക് 19 എ യിൽ വിവരങ്ങൾ ശരിയായി പ്രതിപാദിക്കുന്നതിനായി എല്ലാ കൂട്ടിച്ചേർക്കലും ഉൾപ്പെടുത്തിയ വോട്ടർപട്ടിക നൽകിയെന്ന് ഉറപ്പുവരുത്തണം.
- നിയുക്ത ആരോഗ്യ ഓഫീസറിൽ നിന്ന് ദിനംതോറും ലഭിക്കുന്ന 19 എ പട്ടിക പരിശോധിച്ച് അപൂർണമായവ പൂരിപ്പിച്ച് ( ഉദാ : ക്രമ നമ്പർ, പോളിംഗ് സ്റ്റേഷൻ നമ്പർ മുതലായവ) ന്യൂനത പരിഹരിക്കുക.
- ഈ പട്ടിക ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുൻസിപ്പാലിറ്റി തലത്തിലും മറ്റു ജില്ലകളിലും ക്രമീകരിച്ച് അതത് വരണാധികാരികൾക്ക് അതത് ദിവസം തന്നെ അയച്ചു നൽകുക.
- മറ്റു ജില്ലകളിൽ നിന്നും ലഭിക്കുന്ന 19 എ പട്ടികയും ഇപ്രകാരം അതത് വരണാധികാരികൾക്ക് അയച്ചു നൽകണം.
- ക്വാറന്റൈനിൽ ഉള്ളവരുടെ ലിസ്റ്റ് ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനുവേ സഹായങ്ങൾ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ(എൻ.ഐ.സി) മുഖേനചെയ്യുക.
- കോവിഡ് -19 രോഗികളുടെ പേരുവിവരങ്ങൾ ഒരു നവ മാധ്യമങ്ങളിലും വെബ് സൈറ്റിലും പ്രദർശിപ്പിക്കാതിരിക്കുക.

**നോഡൽ ഓഫീസർ-ഇ ഡ്രോപ്പ്**

- സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് - നോഡൽ ഓഫീസറുടെ അഭ്യർഥന പ്രകാരം ആവശ്യമായ പ്രത്യേക പോളിംഗ് ഓഫീസർ (എസ്.പി.ഒ) പ്രത്യേക പോളിംഗ് അസിസ്റ്റന്റ് (എസ്.പി.എ) എന്നിവരെ ഉടനടി നിയമിച്ച് നൽകണം.
- ഏതെങ്കിലും സാഹചര്യത്തിൽ അർഹരായവർക്ക് നിയമനം ഒഴിവാക്കാനായി അപേക്ഷ ലഭിച്ചാൽ അതു പരിശോധിച്ച് ഉടൻ പകരക്കാരെ നിയമിക്കണം.

**ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി വരണാധികാരിയുടെ ചുമതലകൾ**

- പ്രത്യേക ബാലറ്റ് പേപ്പറിന്റെ (എസ്.ബി.പി) നോഡൽ ഓഫീസർ അയച്ചു നൽകുന്ന 19 എ യിലുള്ള ലിസ്റ്റ് പരിശോധിച്ച് അവർ പ്രത്യേക വിഭാഗം സമ്മതിദായകരാണ് എന്ന ബോധ്യം വരികയാണെങ്കിൽ വരണാധികാരി പ്രത്യേക പോസ്റ്റൽ ബാലറ്റ് നൽകണം.
- ഇതിനായി സ്പെഷ്യൽ ബാലറ്റ് പേപ്പറിന്റെ ക്രമനമ്പർ രേഖപ്പെടുത്താതെ തന്നെ സ്പെഷ്യൽ ബാലറ്റ് പേപ്പർ സമ്മതിദായകനു നൽകി എന്നു സൂചിപ്പിക്കുന്നതിനായി അടയാളപ്പെടുത്തിയ വോട്ടർ പട്ടികയിൽ ( മാർക്ക്ഡ് കോപ്പി) സമ്മതിദായകന്റെ പേരിനു നേരെ 'എസ്പിബി' എന്ന് അടയാളപ്പെടുത്തണം.
- സമ്മതിദായകന്റെ ക്രമ നമ്പർ, പോളിംഗ് സ്റ്റേഷൻ നമ്പർ എന്നിവ രേഖപ്പെടുത്തിയ കൗ ർ ഫോയിൽ വേർപെടുത്തി സെക്ഷൻ 22 (5) ലെ നടപടിക്രമങ്ങൾ – കൗ ർ ഫോയിൽ ഒരു പാക്കറ്റിൽ ഇട്ട് മുദ്ര വച്ച്, മുദ്ര വച്ച തീയതിയും അതിന്റെ ഉള്ളടക്കവും സംബന്ധിച്ച് ഒരു ചെറു വിവരണവും എഴുതി വരണാധികാരി സൂക്ഷിക്കണം.
- 'എസ്പിബി' നൽകപ്പെട്ട സമ്മതിദായകൻ പോളിംഗ് സ്റ്റേഷനിൽ എത്തി വോട്ട് രേഖപ്പെടുത്തുന്നില്ല എന്ന് വരണാധികാരി ഉറപ്പുവരുത്തണം.
- അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ് ഓഫീസർ ഫോറം 19 സി യിൽ നൽകുന്ന സാക്ഷ്യപത്രം സഹിതം 19 ഡി പ്രകാരം ഒരു സമ്മതിദായകൻ സ്പെഷ്യൽ ബാലറ്റ് പേപ്പറിനായി അപേക്ഷ സമർപ്പിച്ചാൽ, സാക്ഷ്യപ്പെടുത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടു ാ എന്ന് പരിഗണിക്കാതെ തന്നെ സ്പെഷ്യൽ ബാലറ്റ് പേപ്പർ വിതരണം ചെയ്യണം.
- എല്ലാ പ്രത്യേക വിഭാഗ സമ്മതിദായകർക്കും (സ്പെഷ്യൽ വോട്ടർ) വോട്ട് രേഖപ്പെടുത്താൻ ആവശ്യമായ 20 ശതമാനം റിസർവ് ഉൾപ്പെടെ ബാലറ്റ് പേപ്പറുകൾ പ്രിന്റ് ചെയ്തു എന്ന് ഉറപ്പുവരുത്തണം.

**സ്പെഷ്യൽ പോളിംഗ് ഓഫീസറുടെ (എസ്.പി.ഒ) ചുമതലകൾ**

- ഫോറം 19 ബി ഒപ്പിട്ടു വാങ്ങുന്നതിനും നിരസിക്കുന്നതിനും സ്പെഷ്യൽ വോട്ടർക്ക് അവകാശമു ്.
- ഫോറം 19 ബി സ്വീകരിക്കുകയാണെങ്കിൽ പ്രത്യേക സമ്മതിദായകൻ (എസ്‌വി), സ് പെഷ്യൽ ബാലറ്റ് പേപ്പർ നൽകുന്നതിന് മുമ്പായി സമ്മതിദായകന്റെ തിരിച്ചറിയൽ സ്പെഷ്യൽ പോളിംഗ് ഓഫീസർ ഉറപ്പുവരുത്തണം.
- സ്പെഷ്യൽ ബാലറ്റ് പേപ്പർ, ഫോറം 19 ബിയും നൽകുന്നതിനോടൊപ്പം സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്തുന്ന നടപടിക്രമങ്ങളെ കുറിച്ച് (രഹസ്യ സ്വഭാവം നില നിർത്തി) വിവരണം നൽകണം.
- രഹസ്യ സ്വഭാവം കാത്തു സൂക്ഷിച്ച് പ്രത്യേക സമ്മതിദായകൻ 23(1) ചട്ട പ്രകാരം വോട്ട് രേഖപ്പെടുത്തി 18ാം നമ്പർ ഫോറത്തിലുള്ള കവറിൽ ഒട്ടിച്ചു നൽകണം.
- ഫോറം 16ൽ (ഡിക്ലറേഷൻ) സ്പെഷ്യൽ പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.
- പ്രത്യേക സമ്മതിദായകനിൽ നിന്ന് കൈമാറി കിട്ടിയ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിന് ഒരു കൈപ്പറ്റ് രസീത് നൽകണം.
- സ്പെഷ്യൽ പോസ്റ്റൽ ബാലറ്റും, അപേക്ഷയും സ്വീകരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകൻ, തിരികെ കൈമാറിയില്ലെങ്കിൽ അത് സ്വീകരിച്ചതിന് തെളിവായി എസ്പിഒ ഒരു രസീത് വാങ്ങേ താണ്.

- സർക്കാർ ആശുപത്രിയിൽ ചികിത്സയിലുള്ള പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫോം 16 സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താൻ സ്പെഷ്യൽ പോളിംഗ് ഓഫീസറെയും മെഡിക്കൽ ഓഫീസറെയും അധികാരപ്പെടുത്തിയിട്ടു ്.
- പ്രത്യേക വിഭാഗം സമ്മതിദായകരുടെ പേര്, മേൽ വിലാസം, തിരിച്ചറിയലിനായി ഹാജരാക്കിയ രേഖ, ഒപ്പ് അല്ലെങ്കിൽ വിരലടയാളം എന്നിവ ഒരു രജിസ്റ്ററിൽ സൂക്ഷിക്കണം.
- വോട്ട് ചെയ്തു എന്നു സൂചിപ്പിക്കുന്നതിനായി സാക്ഷ്യപ്പെടുത്തിയ പട്ടികയുടെ (സി.എൽ) സമ്മതിദായകന്റെ പേരിനു നേരെ ശരി അടയാളം രേഖപ്പെടുത്തണം.
- എസ്പിബി സ്വീകരിക്കാൻ വിസമ്മതിക്കുകയോ എസ്പിബി സ്വീകരിച്ച ശേഷം വോട്ട് ചെയ്തു തിരികെ നൽകാൻ വിസമ്മതിക്കുകയോ ചെയ്യുന്ന പക്ഷം രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തണം.
- എസ്പിബി അപേക്ഷ സമർപ്പിച്ചതിനും എല്ലാ ഫോറങ്ങളോടും കൂടി എസ്പിബി സ്വീകരിച്ചു (ചെക്ക് ലിസ്റ്റ് ഉൾപ്പെടെ) എന്നതിനു തെളിവായി ഫോം 19 ബി യിൽ ഒപ്പിട്ടു വാങ്ങണം.
- മാസ്ക് ധരിച്ചുകൊ ും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊ ുമാകണം പ്രവർത്തനങ്ങളിൽ ഏർപ്പെടേ ത്.
- എസ്പിബിയുടെ വിതരണവും ശേഖരണവും വോട്ടെടുപ്പിന്റെ തലേ ദിവസം (ഡിസംബർ ഏഴ്) വൈകിട്ട് ആറിനു മുമ്പ് പൂർത്തികരിക്കണം.

(തദ്ദേശം 86/20)

## പോസ്റ്റൽ ബാലറ്റിനായി അപേക്ഷ നൽകുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ (പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വോട്ട് ഉള്ളവർ) പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ (ഫോം 15) ഡ്യൂട്ടി ഉത്തരവ് സഹിതം മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് വരണാധികാരികൾക്ക് സമർപ്പിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് അറിയിച്ചു.

പത്തനംതിട്ട ജില്ലയിൽ ഗ്രാമപഞ്ചായത്തിൽ വോട്ട് ഉള്ളവർ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പോസ്റ്റൽ ബാലറ്റിനായി മൂന്ന് അപേക്ഷകൾ സമർപ്പിക്കേ തില്ല. ഫോം 15 ൽ അതത് ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തിന്റേയും വരണാധികാരികളെ അഡ്രസ് ചെയ്ത് ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതി. ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തിന്റേയും പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ ലഭിക്കും.

പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ ഫോം വരണാധികാരികളുടെ ഓഫീസുകളിലും പരിശീലന ക്ലാസുകളിലും ലഭ്യമാണ്. കൂടാതെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് www.sec.kerala.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷയിൽ (ഫോം 15) വോട്ടറുടെ ക്രമനമ്പരും, പട്ടികയിലെ വിഭാഗത്തിന്റെ നമ്പരും www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ search voter എന്ന ഓപ്ഷനിൽ നിന്നും ലഭിക്കും.

(തദ്ദേശം 87/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

നവംബർ 30

**November 30** **2020**

**1195 വൃശ്ചികം 15 തിങ്കൾ**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


**തദ്ദേശ പൊതുതെരഞ്ഞെടുപ്പ് 2020:**

**ര ു പഞ്ചായത്തുകളിലെ മൂന്നു വാർഡുകളിൽ**
**ബാലറ്റ് പേപ്പറിൽ തമിഴ് ഭാഷയും**

തദ്ദേശ സ്വയംഭരണ പൊതുതെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലയിലെ ര ു പഞ്ചായത്തുകളിലെ മൂന്നു വാർഡുകളിൽ ബാലറ്റ് പേപ്പർ, വോട്ടിംഗ് മെഷീനിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബൽ എന്നിവയിൽ തമിഴ് ഭാഷയും. സീതത്തോട് പഞ്ചായത്തിലെ ഗവി, മലയാലപ്പുഴ പഞ്ചായത്തിലെ പുതുക്കുളം, തോട്ടം എന്നീ വാർഡുകളിലാണ് ബാലറ്റ് പേപ്പർ, വോട്ടിംഗ് മെഷീനിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബൽ എന്നിവയിൽ തമിഴ് ഭാഷയും കൂടി അച്ചടിക്കുക.

തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഭാഷാ ന്യൂനപക്ഷങ്ങൾ ഉള്ള നിയോജകമണ്ഡലങ്ങളിൽ ബാലറ്റ് പേപ്പർ, വോട്ടിംഗ് മെഷീനിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബൽ എന്നിവ തമിഴ്/കന്നട ഭാഷകളിൽ കൂടി അച്ചടിക്കുവാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ നിർദ്ദേശം നൽകിയതിനേതുടർന്നാണു നടപടി.

(തദ്ദേശം 88/20)

**വോട്ടെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ**
**പോൾ മാനേജർ മൊബൈൽ ആപ്പ്**

തദ്ദേശ പൊതുതെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ പോൾ മാനേജർ മൊബൈൽ ആപ്പിക്കേഷനുമായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് (എൻ.ഐ.സി) ആപ്ലിക്കേഷൻ വികസിപ്പിച്ചത്.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, റിട്ടേണിംഗ് ഓഫീസർമാർ എന്നിവർക്ക് വോട്ടെടുപ്പ് ദിവസവും തൊട്ടുമുൻപുള്ള ദിവസങ്ങളിലും പോളിംഗ് ഉദ്യോഗസ്ഥരുമായി സംവദിക്കുന്നതിനായാണ് പോൾ മാനേജർ ആപ്. സെക്ടറൽ ഓഫീസർമാർ, പ്രിസൈഡിംഗ് ഓഫീസർമാർ, ഫസ്റ്റ് പോളിംഗ് ഓഫീസർമാർ എന്നിവർക്കും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ നിയോഗിച്ച ഉദ്യോഗസ്ഥർക്കും ആപ്ലിക്കേഷൻ ഉപയോഗിക്കാം.

ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസറായ ജിജി ജോർജും അഡീഷണൽ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ആലീസ് ആൻഡ്രൂസ് കോട്ടിരിയുമാണ് ആപ്പിന്റെ ജില്ലാതല സാങ്കേതിക നോഡൽ ഓഫീസർമാർ. പോൾ മാനേജർ ആപ് ജില്ലാ നോഡൽ ഓഫീസർ ടി. ബിനോയി ആണ്. പ്രിസൈഡിംഗ് ഓഫീസർമാർ, ഫസ്റ്റ് പോളിംഗ് ഓഫീസർമാർ എന്നിവർക്കുള്ള പരിശീലനം തെരഞ്ഞെടുപ്പ് പരിശീലന പരിപാടിയുടെ ഭാഗമായി ആരംഭിച്ചു.

(തദ്ദേശം 89/20)

## ആന്റി ഡിഫേയ്സ്മെന്റ് സ്ക്വാഡ് ജില്ലയിൽ സജീവം; 13,343 പ്രചാരണ സാമിഗ്രികൾ നീക്കം ചെയ്യിച്ചു

തദ്ദേശ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ പെരുമാറ്റച്ചട്ടം ലംഘിച്ച് പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന 13,343 പ്രചാരണ സാമഗ്രികൾ രാഷ്ട്രീയ കക്ഷികളെയും സ്ഥാനാർഥികളെയും അറിയിച്ച് നീക്കം ചെയ്യിച്ചു. ആന്റി ഡിഫേയ്സ്മെന്റ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ നവംബർ 29 വരെയുള്ള ഒൻപത് ദിവസങ്ങളിലായാണ് ഇത്രയും പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചത്. നീക്കം ചെയ്ത വയിൽ 12,138 പോസ്റ്ററുകളും 1,203 ബോർഡുകളും ഫ്ലക്സുകളും ഉൾപ്പെടും. ആന്റി ഡിഫേയ്സ്മെന്റ് ജില്ലാ സ്ക്വാഡിന്റെ നേതൃത്വത്തിൽ മാത്രം 1820 പോസ്റ്ററുകളും 10 ബാനറുകളും 77 ബോർഡുകളും നീക്കം ചെയ്യിച്ചു.

ആന്റി ഡിഫേയ്സ്മെന്റ് സ്ക്വാഡിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് കളക്ടർ വി.ചെൽസാസിനിയാണ്. ജില്ലാ സ്ക്വാഡിൽ അസിസ്റ്റന്റ് നോഡൽ ഓഫീസറിന്റെ നേതൃത്വത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥനടക്കം നാലു പേരാണുള്ളത്.

താലൂക്ക്തലത്തിൽ ഒരു നോഡൽ ഓഫീസറും ഒരു അസിസ്റ്റന്റ് നോഡൽ ഓഫീസറും ഒരു പോലീസ് ഉദ്യോഗസ്ഥനുമടക്കം നാലു പേരാണ് പരിശോധന നടത്തിവരുന്നത്. ജില്ലയിലെ ആറ് താലൂക്കുകളിലും ആന്റി ഡിഫേയ്സ്മെന്റ് സ്ക്വാഡ് പരിശോധന ശക്തമാക്കി. പൊതുസ്ഥലങ്ങൾ, സർക്കാർ വാർത്താ ബോർഡുകൾ, ആരാധനാലയങ്ങൾ തുടങ്ങിയവയിൽ പ്രദർശിപ്പിച്ച പ്രചാരണ സാമഗ്രഹികളാണ് സ്ക്വാഡ് നീക്കം ചെയ്യിച്ചത്. നിരത്തുകളിൽ സഞ്ചാരത്തിന് തടസം നിൽക്കുന്ന പ്രചാരണ സാമഗ്രഹികളും നീക്കം ചെയ്യി ച്ചു.

സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ അവരുടെ അനുമതി ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള പ്രചാരണ സാമഗ്രികളും പരാതിയുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്യിക്കുന്നു ്. നീക്കം ചെയ്യുന്ന ചിലവ് സ്ഥാനാർഥികളുടെ തെരഞ്ഞെടുപ്പ് ചിലവിൽ ഉൾപ്പെടുത്തും. നിരോധിച്ച പ്ലാസ്റ്റിക്ക് കൊടി-തോരണങ്ങൾ, നിരോധിച്ച ഫ്ളെക്സ് പ്രചാരണ സാമഗ്രികളും രാഷ്ട്രീയ കക്ഷികളെയും സ്ഥാനാർഥികളെയും അറിയിച്ച് നീക്കം ചെയ്യിച്ചു.

കോന്നി താലൂക്കിൽ 711 പോസ്റ്ററുകളും, 98 ബോർഡുകളും ഒരു നിരത്തിൽ വരച്ചുവച്ചിരുന്ന പ്രചാരണ സാമഗ്രിയും നീക്കം ചെയ്യിച്ചു. കോഴഞ്ചേരി താലൂക്കിൽ 985 പോസ്റ്ററുകളും ബാനറും ഫ്ലക്സുമായി 275 എണ്ണവും നീക്കം ചെയ്യിച്ചു. റാന്നി താലൂക്കിൽ 819 പോസ്റ്ററുകളും 31 ഫ്ളെക്സ് ബോർഡുകളും നീക്കം ചെയ്യിച്ചു.

തിരുവല്ല താലൂക്കിൽ 877 പോസ്റ്ററുകളും 188 ബോർഡുകളും നിരത്തിൽ വരച്ചുവച്ചിരുന്ന പ്രചാരണ സാമിഗ്രിയും നീക്കം ചെയ്യിച്ചു. മല്ലപ്പള്ളി താലൂക്കിൽ 5400

പോസ്റ്ററുകളും ബാനറുകളും ഫ്ളെക്സും ഉൾപ്പെടെ 412 എണ്ണം നീക്കം ചെയ്യിച്ചു. അടൂർ താലൂക്കിൽ 1526 പോസ്റ്ററുകളും 112 ബോർഡുകളും നീക്കം ചെയ്യിച്ചു. ജില്ലയിൽ ഉടനീളം ആന്റി ഡിഫേയ്സ്മെന്റ് സ്ക്വാഡുകളുടെ പരിശോധന ശക്തമായി നടന്നുവരുന്നതായി നോഡൽ ഓഫീസർ അസിസ്റ്റന്റ് കളക്ടർ വി. ചെൽസാസിനി പറഞ്ഞു.

(തദ്ദേശം 90/20)

## ജില്ലാ പഞ്ചായത്തിലേക്കുള്ള ബാലറ്റ് ലേബലുകൾ, ബാലറ്റ് പേപ്പറുകൾ എത്തി

തദ്ദേശ സ്വയംഭരണ പൊതുതെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള വോട്ടിംഗ് മെഷീനുകളിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബലുകൾ, പോസ്റ്റൽ വോട്ടിനുള്ള ബാലറ്റ് പേപ്പറുകൾ എന്നിവ കളക്ടറേറ്റിൽ എത്തിച്ചു. ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിൽ കളക്ടറേറ്റിൽ ഇവയുടെ പരിശോധന നടത്തി.

തിരുവനന്തപുരം മണ്ണന്തല ഗവ.പ്രസിൽ അച്ചടിച്ച 92,820 ബാലറ്റുകളാണ് 16 പെട്ടികളിലായി എത്തിയിട്ടുള്ളത്. 66,300 പോസ്റ്റൽ ബാലറ്റുകൾ, 19,890 ടെൻഡേർഡ് ബാലറ്റുകൾ, ബാലറ്റ് യൂണിറ്റിൽ ഉപയോഗിക്കുന്ന 6630 ബാലറ്റ് എന്നിവയുൾപ്പടെയാണ് 92,820 ബാലറ്റുകൾ എത്തിയത്.

എട്ടു ടീമുകളായി തിരിഞ്ഞാണു പരിശോധന നടത്തുന്നത്. പരിശോധന പൂർത്തിയായതിനു ശേഷം ബാലറ്റുകൾ അതത് ബ്ലോക്ക് റിട്ടേണിംഗ് ഓഫീസർമാർക്ക് കൈമാറും.

***ഫോട്ടോ അടിക്കുറിപ്പ്: ഡിസി ബാലറ്റ് പേപ്പർ:-***

ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള വോട്ടിംഗ് മെഷീനുകളിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബലുകൾ, പോസ്റ്റൽ വോട്ടിനുള്ള ബാലറ്റ് പേപ്പറുകൾ എന്നിവ കളക്ടറേറ്റിൽ ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിൽ പരിശോധിക്കുന്നു.

(തദ്ദേശം 91/20)

## പത്തനംതിട്ടയിൽ ഡിസംബർ ര  ിന് ഓറഞ്ച് അലർട്ട്: ജനങ്ങൾ ജാഗ്രത പാലിക്കണം: ജില്ലാ കളക്ടർ

പത്തനംതിട്ട ജില്ലയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴക്കുള്ള സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ജില്ലയിൽ ഓറഞ്ച്, യെല്ലോ അലേർട്ടുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ.

കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഡിസംബർ ര  ിന് ജില്ലയിൽ ഓറഞ്ച് അലേർട്ടും ഡിസംബർ ഒന്ന്, മൂന്ന് തീയതികളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടു  . ആയതിനാൽ ജനങ്ങൾ ശ്രദ്ധ പുലർത്തണമെന്നും കളക്ടർ പറഞ്ഞു. ജില്ലയിലെ കൺട്രോൾ റൂമുകൾ സജ്ജമാക്കണം. ഫോൺ സംവിധാനങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ആവശ്യമായ സാഹചര്യത്തിൽ ക്യാമ്പുകൾ തുറക്കണം. കോവിഡ് രോഗികൾ, ക്വാറന്റൈനിൽ തുടരുന്നവർ, മുതിർന്ന പൗരന്മാർ, സാധാരണക്കാർ എന്നിവരെ പ്രത്യേകമായി പാർപ്പിക്കുവാൻ നാലു രീതിയിലാണ് ക്യാമ്പുകൾ സജ്ജമാക്കേ  ത്.

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് തീർഥാടകർ ജാഗ്രത പുലർത്തണം. ഗ്രാമപഞ്ചായത്തുകൾ ജനങ്ങൾക്ക് ജാഗ്രത നിർദേശം കൈമാറണം. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ള മേഖലങ്ങളിലെ ജനങ്ങൾ കൂടതൽ ശ്രദ്ധ പുലർത്തണം. പുഴകൾ,

ആറുകൾ തുടങ്ങി ജലാശയങ്ങളിൽ ഇറങ്ങുന്നത് ഒഴിവാക്കണം. മരങ്ങൾ, മരച്ചില്ലകൾ തുടങ്ങിയവ ഒടിഞ്ഞു വീഴാൻ സാധ്യതയുള്ളതിനാൽ വാഹനങ്ങൾ മരത്തിനു ചുവട്ടിൽ നിർത്തിയിടാൻ പാടില്ല. ഈ ദിവസങ്ങളിൽ ജനങ്ങൾ രാത്രികാല യാത്രകളും, അനാവശ്യമായ യാത്രകളും പരമാവധി ഒഴിവാക്കുക. ക്വാറികൾ ര ് ദിവസത്തേക്ക് അടച്ചി ടണമെന്നും കളക്ടർ നിർദേശിച്ചു. ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ജാഗരൂകരായിരിക്കണമെന്നും യോഗത്തിൽ ജില്ലാ കളക്ടർ നിർദേശിച്ചു.

ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ബി. രാധാകൃഷ്ണൻ, ആർ.ആർ ഡെപ്യൂട്ടി കളക്ടർ ജെസിക്കുട്ടി മാത്യു, എൽ.ആർ ഡെപ്യൂട്ടി കളക്ടർ ആർ.രാജലക്ഷ്മി, മറ്റു ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഡിഡിഎംഎ:-***

ജില്ലയിൽ ഓറഞ്ച്, യെല്ലോ അലേർട്ടുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ചേർന്ന ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്നപ്പോൾ.

(പിഎൻപി 4823/20)

## ഗതാഗത നിയന്ത്രണം

ആനയടി-പഴകുളം, കുരമ്പാല -കീരുകുഴി-ചന്ദനപ്പള്ളി-കൂടൽ റോഡിലെ പുനരുദ്ധാരണ പ്രവൃത്തികളോടനുബന്ധിച്ച് ചന്ദനപ്പള്ളി വലിയപള്ളിക്ക് സമീപമുള്ള കലുങ്ക് പൊളിച്ചു പണിയുന്നതിനാൽ ചന്ദനപ്പള്ളി കൂടൽ റോഡിൽ ഇന്ന് (ഡിസംബർ 1) മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഈ ഭാഗത്തുകൂടിയുള്ള വാഹനങ്ങൾ ഇലവുംമൂട്-കൊച്ചാലുംമൂട് റോഡ് വഴി പോകണമെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപ വിഭാഗം അടൂർ കാര്യാലയം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

(പിഎൻപി 4824/20)

## സ്കോൾ കേരള; പ്ലസ് വൺ പ്രവേശന തീയതികൾ ദീർഘിപ്പിച്ചു

സ്കോൾ കേരള മുഖേനയുള്ള 2020-22 ബാച്ച് പ്ലസ് വൺ പ്രവേശനത്തിന് പിഴയില്ലാതെ ഡിസംബർ 10 വരെയും, 60 രൂപ പിഴയോടെ ഡിസംബർ 18 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺ ലൈൻ രജിസ്ട്രേഷനും മാർഗ നിർദേശങ്ങൾക്കും www.scolekerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ ശേഷം അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും ര ് ദിവസത്തിനകം എക്സിക്യൂട്ടീവ് ഡയറക്ടർ , സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ തപാൽ മാർഗം അയക്കണം. ഫോൺ: 0471 2342950, 2342271, 2342369.

(പിഎൻപി 4826/20)

## പത്തനംതിട്ട ജില്ലയിലെ പുതിയ ക യ്ൻമെന്റ് സോണുകൾ

കൊറ്റനാട് ഗ്രാമപഞ്ചായത്ത് വാർഡ് 11 - അരീക്കൽ മുതൽ ചാത്തോലി കോളനി പ്രദേശം വരെ എന്ന പ്രദേശത്തെ നവംബർ 30 മുതൽ 7 ദിവസത്തേക്ക് ക യ് ൻമെന്റ് സോൺ നിയന്ത്രണം. രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതുകണക്കിലെടുത്ത് ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ

പ്രകാരമാണ് പുതിയ ക യ്ൻമെന്റ് സോണുകൾ ജില്ലാ കളക്ടർ പി.ബി. നൂഹ് പ്രഖ്യാപിച്ചത്.

## ക യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി

പ്രമാടം ഗ്രാമപഞ്ചായത്തിലെ വാർഡ് 11 കൈതക്കര സബ് സെന്റർ ഭാഗം (വകയാർ കോട്ടയം മുക്ക് മുതൽ കുളത്തുങ്കൽ ഭാഗം വരെ), നാറാണംമൂഴി ഗ്രാമപഞ്ചായത്ത് വാർഡ് 2 വലിയതപാൻ ഭാഗം, വാർഡ് 2 തോമ്പിക്ക ം വലിയപതാൽ (ക്യബ കോളനി) എന്നീ പ്രദേശങ്ങളെ നവംബർ 30 മുതൽ ക യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

(പിഎൻപി 4828/20)








**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കണ്‍ട്രോള്‍ സെല്‍ ബുളളറ്റിന്‍**
**തീയതി. 30.11.2020**

..........................................................................................

പത്തനംതിട്ട ജില്ലയില്‍ ഇന്ന് 91 പേര്‍ക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ ര ു പേര്‍ വിദേശത്തുനിന്നു വന്നവരും, നാലു പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, 85 പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്കപശ്ചാത്തലം വ്യക്തമല്ലാത്ത 26 പേരു ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ തിരിച്ചുള്ള കണക്ക്:
ക്രമ നമ്പര്‍, തദ്ദേശസ്വയംഭരണ സ്ഥാപനം,
രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തില്‍:

1 അടൂര്‍
(ആനന്ദപ്പള്ളി, പറക്കോട്, പന്നിവിഴ, കണ്ണംകോട്, അടൂര്‍) 15
2 പന്തളം
(പൂഴിക്കാട്) 1
3 പത്തനംതിട്ട
(പത്തനംതിട്ട) 1
4 തിരുവല്ല
(മതില്‍ഭാഗം, തിരുവല്ല, തിരുമൂലപുരം) 4
5 ചിറ്റാര്‍
(ആറാട്ടുകുടുക്ക) 1
6 ഏറത്ത്
(മണക്കാല) 1
7 ഏനാദിമംഗലം
(ഇളമണ്ണൂര്‍, മാരൂര്‍) 9
8 ഇരവിപേരൂര്‍
(ഇരവിപേരൂര്‍) 1
9 ഏഴംകുളം
(തൊടുവക്കാട്, വയല, ഏഴംകുളം, നെടുമണ്‍) 11
10 എഴുമറ്റൂര്‍
(തെള്ളിയൂര്‍, എഴുമറ്റൂര്‍) 3

11 കടമ്പനാട്
(മാഞ്ഞാലി, കടമ്പനാട്) 2
12 കടപ്ര
(പരുമല) 1
13 കലഞ്ഞൂർ
(കൂടൽ) 2
14 കവിയൂർ
(കവിയൂർ) 1
15 കൊടുമൺ
(ഇടത്തിട്ട, ര ാംകുറ്റി, കൊടുമൺ) 11
16 കോയിപ്രം
(കോയിപ്രം) 1
17 കോന്നി
(അതുമ്പുംകുളം) 1
18 കുന്നന്താനം
(ആഞ്ഞിലിത്താനം) 1
19 കുറ്റൂർ
(കുറ്റൂർ) 1
20 മൈലപ്ര
( മേക്കൊഴൂർ) 1
21 നെടുമ്പ്രം
(പൊടിയാടി) 1
22 നിരണം
(നിരണം) 2
23 പള്ളിക്കൽ
(പതിനാലാംമൈൽ, മു പ്പള്ളി, പെരിങ്ങനാട്, പഴകുളം) 7
24 പന്തളം-തെക്കേക്കര
(പാറക്കര, തട്ട) 5
25 പെരിങ്ങര 1
26 റാന്നി
(റാന്നി) 1
27 റാന്നി പഴവങ്ങാടി
(പഴവങ്ങാടി) 2
28 റാന്നി പെരുനാട്
(പെരുനാട്) 1

29 തുമ്പമൺ
(തുമ്പമൺ) 1
30 വടശേരിക്കര
(കുമ്പളാംപോയ്ക) 1

ജില്ലയിൽ ഇതുവരെ ആകെ 20272 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 16398 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.ഇന്ന് ജില്ലയിൽ കോവിഡ് ബാധിതരായ ര ു പേരുടെ മരണം റിപ്പോർട്ട് ചെയ്തു. ര ു മരണങ്ങളും മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ കാരണമാണ്. 1) നവംബർ അഞ്ചിന് രോഗബാധ സ്ഥിരീകരിച്ച തിരുവല്ല സ്വദേശി (70) നവംബർ 29 ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് മരണമടഞ്ഞു.
2) നവംബർ 15ന് രോഗബാധ സ്ഥിരീകരിച്ച വള്ളിക്കോട് സ്വദേശി (67) നവംബർ 29 ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് മരണമടഞ്ഞു.

കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ 105 പേർ മരണമടഞ്ഞു. കൂടാതെ കോവിഡ് ബാധിതരായ 19 പേർ മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞിട്ടു ്.

ജില്ലയിൽ ഇന്ന് 216 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 18177 ആണ്. പത്തനംതിട്ട ജില്ലക്കാരായ 1971 പേർ രോഗികളായിട്ടു ്. ഇതിൽ 1828 പേർ ജില്ലയിലും, 143 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം:

| ക്രമനമ്പർ | ആശുപത്രികൾ/ സിഎഫ്എൽടിസി/ സിഎസ്എൽടിസി | എണ്ണം |
|---|---|---|
| 1 | ജില്ലാ ആശുപത്രി കോഴഞ്ചേരി | 93 |
| 2 | റാന്നി മേനാംതോട്ടം സിഎസ്എൽടിസി | 32 |
| 3 | പന്തളം അർച്ചന സിഎഫ്എൽടിസി | 80 |
| 4 | കോഴഞ്ചേരി മുത്തൂറ്റ് സിഎസ്എൽടിസി | 158 |
| 5 | പെരുനാട് കാർമ്മൽ സിഎഫ്എൽടിസി | 80 |
| 6 | പത്തനംതിട്ട ജിയോ സിഎഫ്എൽടിസി | 59 |
| 7 | അടൂർ ഗ്രീൻവാലി സിഎഫ്എൽടിസി | 79 |
| 8 | നെടുമ്പ്രം സിഎഫ്എൽടിസി | 32 |

9 മല്ലപ്പള്ളി സിഎഫ്എൽടിസി 54
10 കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ 981
11 സ്വകാര്യ ആശുപത്രികളിൽ 112
ആകെ 1760

ജില്ലയിൽ 3567 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2577 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 4176 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 73 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 126 പേരും ഇതിൽ ഉൾപ്പെടുന്നു.
ആകെ 10320 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:
1 ദൈനംദിന പരിശോധന (ആർടിപിസിആർ ടെസ്റ്റ്) 118147, 1074, 119221.
2 റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) 98463, 1535, 99998.
3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 4502, 255, 4757.
4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
5 ട്രൂനാറ്റ് പരിശോധന 3976, 35, 4011.
6 സി.ബി.നാറ്റ് പരിശോധന 280, 11, 291.
ആകെ ശേഖരിച്ച സാമ്പിളുകൾ 225853, 2910, 228763.

കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് 1097 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 4007 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. 2163 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്. ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.52 ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.29 ശതമാനമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 30

കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 79 കോളുകളും ലഭിച്ചു. ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1218 കോളുകൾ നടത്തുകയും, 16 പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30 ന് കൂടി. ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.

# പത്തനംതിട്ട ജില്ല

## കോവിഡ്-19 കണ്‍ട്രോള്‍ സെല്‍ ബുള്ളറ്റിന്‍

## തീയതി. 30.11.2020

- ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 മണിക്ക് ബഹു.ജില്ലാ കളക്ടറുടെ ചേമ്പറില്‍ കൂടി.
- പത്തനംതിട്ട ജില്ലയില്‍ ഇന്ന് 91 പേര്‍ക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ 2 പേര്‍ വിദേശത്തുനിന്നു വന്നവരും, 4 പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, 85 പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്കപശ്ചാത്തലം വ്യക്തമല്ലാത്ത 26 പേരു ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ തിരിച്ചുള്ള കണക്ക്

| ക്രമ നമ്പര്‍ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 1 | അടൂര്‍<br>(ആനന്ദപ്പള്ളി, പറക്കോട്, പന്നിവിഴ, കണ്ണംകോട്, അടൂര്‍) | 15 |
| 2 | പന്തളം<br>(പൂഴിക്കാട്) | 1 |
| 3 | പത്തനംതിട്ട<br>(പത്തനംതിട്ട) | 1 |
| 4 | തിരുവല്ല<br>(മതില്‍ഭാഗം, തിരുവല്ല, തിരുമൂലപുരം) | 4 |
| 5 | ചിറ്റാര്‍<br>(ആറാട്ടുകുടുക്ക) | 1 |
| 6 | ഏറത്ത്<br>(മണക്കാല) | 1 |
| 7 | ഏനാദിമംഗലം<br>(ഇളമണ്ണൂര്‍, മാരൂര്‍) | 9 |
| 8 | ഇരവിപേരൂര്‍<br>(ഇരവിപേരൂര്‍) | 1 |
| 9 | ഏഴംകുളം<br>(തൊടുവക്കാട്, വയല, ഏഴംകുളം, നെടുമണ്‍) | 11 |
| 10 | എഴുമറ്റൂര്‍<br>(തെള്ളിയൂര്‍, എഴുമറ്റൂര്‍) | 3 |
| 11 | കടമ്പനാട്<br>(മാഞ്ഞാലി, കടമ്പനാട്) | 2 |
| 12 | കടപ്ര<br>(പരുമല) | 1 |
| 13 | കലഞ്ഞൂര്‍<br>(കൂടല്‍) | 2 |
| 14 | കവിയൂര്‍<br>(കവിയൂര്‍) | 1 |
| 15 | കൊടുമണ്‍<br>(ഇടത്തിട്ട, ര ാംകുറ്റി, കൊടുമണ്‍) | 11 |
| 16 | കോയിപ്രം<br>(കോയിപ്രം) | 1 |
| 17 | കോന്നി<br>(അതുമ്പുംകുളം) | 1 |

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 18 | കുന്നന്താനം<br>(ആഞ്ഞിലിത്താനം) | 1 |
| 19 | കുറ്റൂർ<br>(കുറ്റൂർ) | 1 |
| 20 | മൈലപ്ര<br>( മേക്കൊഴൂർ) | 1 |
| 21 | നെടുമ്പ്രം<br>(പൊടിയാടി) | 1 |
| 22 | നിരണം<br>(നിരണം) | 2 |
| 23 | പള്ളിക്കൽ<br>(പതിനാലാംമൈൽ, മു പ്പള്ളി, പെരിങ്ങനാട്, പഴകുളം) | 7 |
| 24 | പന്തളം-തെക്കേക്കര<br>(പാറക്കര, തട്ട) | 5 |
| 25 | പെരിങ്ങര | 1 |
| 26 | റാന്നി<br>(റാന്നി) | 1 |
| 27 | റാന്നി പഴവങ്ങാടി<br>(പഴവങ്ങാടി) | 2 |
| 28 | റാന്നി പെരുനാട്<br>(പെരുനാട്) | 1 |
| 29 | തുമ്പമൺ<br>(തുമ്പമൺ) | 1 |
| 30 | വടശ്ശേരിക്കര<br>(കുമ്പ്ളാംപോയ്ക) | 1 |

- ജില്ലയിൽ ഇതുവരെ ആകെ **20272** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **16398** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.

- ഇന്ന് ജില്ലയിൽ കോവിഡ് ബാധിതരായ **2** പേരുടെ മരണം റിപ്പോർട്ട് ചെയ്തു. **2** മരണങ്ങളും മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ കാരണമാണ്.
    1) **05.11.2020-ൽ** രോഗബാധ സ്ഥിരീകരിച്ച തിരുവല്ല സ്വദേശി **(70) 29.11.2020-ന്** കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് മരണമടഞ്ഞു.
    2) **15.11.2020-ൽ** രോഗബാധ സ്ഥിരീകരിച്ച വള്ളിക്കോട് സ്വദേശി **(67) 29.11.2020-ന്** കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് മരണമടഞ്ഞു.
- കോവിഡ്-**19** മൂലം ജില്ലയിൽ ഇതുവരെ **105** പേർ മരണമടഞ്ഞു. കൂടാതെ കോവിഡ് ബാധിതരായ **19** പേർ മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞിട്ടു ്.

- ജില്ലയിൽ ഇന്ന് **216** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **18177** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **1971** പേർ രോഗികളായിട്ടു ്. ഇതിൽ **1828** പേർ ജില്ലയിലും, **143** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ/ CFLTC/CSLTC | എണ്ണം |
|---|---|---|
| 1 | ജില്ലാ ആശുപത്രി കോഴഞ്ചേരി | **93** |
| 2 | റാന്നി മേനാംതോട്ടം **CSLTC** | **32** |
| 3 | പന്തളം അർച്ചന **CFLTC** | **80** |
| 4 | കോഴഞ്ചേരി മുത്തൂറ്റ് **CSLTC** | **158** |
| 5 | പെരുനാട് കാർമ്മൽ **CFLTC** | **80** |
| 6 | പത്തനംതിട്ട ജിയോ **CFLTC** | **59** |
| 7 | അടൂർ ഗ്രീൻവാലി **CFLTC** | **79** |
| 8 | നെടുമ്പ്രം **CFLTC** | **32** |
| 9 | മല്ലപ്പള്ളി **CFLTC** | **54** |
| 10 | കോവിഡ്-**19** ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | **981** |
| 11 | സ്വകാര്യ ആശുപത്രികളിൽ | **112** |
| ആകെ | | **1760** |

- ജില്ലയിൽ **3567** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **2577** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **4176** പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **73** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **126** പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ **10320** പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| 1 | ദൈനംദിന പരിശോധന (RTPCR Test) | 118147 | 1074 | 119221 |
| 2 | റാപ്പിഡ് ആന്റിജൻ പരിശോധന (New) | 98463 | 1535 | 99998 |
| 3 | റാപ്പിഡ് ആന്റിജൻ (Repeat) | 4502 | 255 | 4757 |
| 4 | റാപ്പിഡ് ആന്റിബോഡി പരിശോധന | 485 | 0 | 485 |
| 5 | ട്രൂനാറ്റ് പരിശോധന | 3976 | 35 | 4011 |
| 6 | സി.ബി.നാറ്റ് പരിശോധന | 280 | 11 | 291 |
| **ആകെ ശേഖരിച്ച സാമ്പിളുകൾ** | | 225853 | 2910 | 228763 |

- കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് **1097** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **4007** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **2163** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.52** ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് **8.29** ശതമാനമാണ്.

- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **30** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **79** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **1218** കോളുകൾ നടത്തുകയും, **16** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം **4.30** ന് കൂടി.

**ജില്ലാ കളക്ടർ**
**പത്തനംതിട്ട**